# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : റ്റി.വി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - സ്ഥാപനത്തിലെ അടിയന്തിര നിർമ്മാണ പ്രവർത്തനങ്ങൾ/അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) ഈ കാര്യാലയത്തിൽ നിന്നുള്ള 14/10/2020 -ലെ ഇതേ നമ്പർ ഉത്തരവ്.

(2) ഈ കാര്യാലയത്തിൽ നിന്നുള്ള 14/10/2020 -ലെ ഇതേ നമ്പർ ഉത്തരവ്

(3) കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 19/03/2021-ലെ കത്ത് നമ്പർ GCHBTLY/49 A/2020.

## ഉത്തരവ് നമ്പർ ICPS 2/2461/2020 തീയതി : 25/03/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ താമസക്കാരായ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വേസ്റ്റ് വാട്ടർ പിറ്റ് നിർമ്മിക്കുന്നതിനും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുമായും, സ്ഥാപനത്തിന്റെ വയറിംഗ് സംബന്ധമായ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായി കണ്ണൂർ നിർമ്മിതി കേന്ദ്ര പ്രോജക്ട് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം 1,40,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-102-61(P) 34 OC എന്ന ശീർഷകത്തിൽ നിന്നും സ്വഛതാ ആക്ഷൻ പ്ലാൻ കംപോണൻറിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം രണ്ട് പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 1,40,000/-രൂപയുടെ 20% തുകയായ 28,000/-രൂപ അനുവദിച്ചിരുന്നു.

പരാമർശം മൂന്ന് പ്രകാരം കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ വേസ്റ്റ് വാട്ടർ പിറ്റ് നിർമ്മിക്കുന്നതിനായി 1,10,000/-രൂപയാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരുന്നത് എങ്കിലും ഫൈനൽ ബിൽ പ്രകാരം വേസ്റ്റ് വാട്ടർ പിറ്റിന്റെ നിർമ്മാണപ്രവർത്തികൾക്ക് മാത്രമായി നിർമ്മിതിയുടെ 1,17,134/-രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റും വർക്ക് കമ്പ്ലീഷൻ സർട്ടിഫിക്കേറ്റും സ്ഥാപന സൂപ്രണ്ട് ലഭ്യമാക്കിയിരിക്കുന്നു. കൂടാതെ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം 30,000/-രൂപയുടെ ഇലക്ട്രിക്കൽ വർക്കുകൾ സ്ഥാപനത്തിൽ റീ-വയറിംഗ് ജോലികൾ ചെയ്യാതെ ട്യൂബുകൾ, ഫാനുകൾ, ലൈറ്റുകൾ എന്നിവ മാറ്റിയിട്ട് കാര്യമില്ല എന്നതിനാൽ വേസ്റ്റ് വാട്ടർ പിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർമ്മിതിയുടെ വർക്ക് കമ്പ്ലീഷൻ സർട്ടിഫിക്കേറ്റ്/യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് പ്രകാരമുള്ള തുകയായ 1,17,134/-രൂപ അനുവദിക്കണമെന്ന് സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം സ്ഥാപനത്തിൽ വേസ്റ്റ് വാട്ടർ പിറ്റ് നിർമ്മിക്കുന്നതിനും സ്ഥാപനത്തിന്റെ വയറിംഗ് സംബന്ധമായ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായി കണ്ണൂർ നിർമ്മിതി കേന്ദ്രയുടെ എസ്റ്റിമേറ്റ് പ്രകാരം 1,40,000/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നതിൽ വയറിംഗ് സംബന്ധമായ ജോലികൾ സ്ഥാപനത്തിലെ റീ-വയറിംഗ് ജോലികൾ ചെയ്തതിനു ശേഷം മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന അറിയിച്ച സാഹചര്യത്തിൽ ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 1,40,000/-രൂപയിൽ റീ-വയറിംഗ് ജോലികൾക്കായുള്ള 30,000/-രൂപയും, അഡ്വാൻസായി അനുവദിച്ച 20% തുകയായ

PTO

28,000/-രൂപയും പെർഫോർമൻസ് ഗ്യാരൻറി (5%) 5,500/-രൂപയും കുറവ് ചെയ്ത് ബാക്കി തുകയായ 76,500/-രൂപ (എഴുപത്തി ആറായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (76,500/-രൂപ) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-102-61(P) 34 OC എന്ന ശീർഷകത്തിൽ നിന്നും (സ്വച്ഛതാ ആക്ഷൻ പ്ലാൻ കംപോണൻറിൽ ഉൾപ്പെടുത്തി) കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിരീക്ഷണ കാലയളവ് കഴിയുന്ന മുറയ്ക്ക് പെർഫോമൻസ് ഗ്യാരൻറി റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്ഥാപന സൂപ്രണ്ട് സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
കണ്ണൂർ

<u>പകർപ്പ്</u>

1. സൂപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്)
   തലശ്ശേരി, കണ്ണൂർ
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
   (ബന്ധപ്പെട്ട രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ് (പബ്ലിഷ് ചെയ്യുന്നതിന്)

ഉത്തരവിൻപ്രകാരം

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM
WOMEN & CHILD DEVELOPMENT DEPT.

പ്രോഗ്രാം മാനേജർ